(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) വൈകല്യം മുൻകൂർ കണ്ടുപിടിക്കുക, തടയുക, ഇടപെടുക, വൈകല്യ ബാധിതരുടെ വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് എന്ന പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി G.O.(Ms)No.46/2012/SWD തീയതി 30-7-2012 സർക്കാർ ഉത്തരവു പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ എടുക്കുന്നത് ഈ കമ്മിറ്റിയാണ്. ടി പദ്ധതി നടത്തിപ്പിനും മേൽനോട്ടത്തിനുമായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ Implementation and monitoring Committee രൂപീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ ടി പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള സാമൂഹ്യ സുരക്ഷാ മിഷനെയും പ്രോജക്ട് ഡയറക്ടറായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെയും ചുമതലപ്പെടുത്തി. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പുതിയ നഗരസഭകൾ

17 (*137) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ നഗരസഭകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം നഗരസഭകൾക്ക് പ്രവർത്തന ഫണ്ട് നൽകിയിട്ടുണ്ടോ; സാമ്പത്തിക പ്രതിസന്ധി ഫണ്ട് ലഭ്യതയെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിഭജിക്കപ്പെട്ട നഗരസഭകളുടെ ആസ്തി വീതം വയ്ക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് പാലിച്ചാണോ ആസ്തികൾ വീതം വച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) ഇത്തരം നഗരസഭകളിൽ അധിക ജീവനക്കാരുടെ ആവശ്യകത പരിഗണിച്ച് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്.

(ബി) ഉണ്ട്. സാമ്പത്തിക പ്രതിസന്ധി ഫണ്ട് ലഭ്യതയെ ബാധിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ഇല്ല. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശം പരിശോധിച്ചുവരുന്നു.

കർഷകരുടെ രജിസ്ട്രേഷൻ

18 (*138) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കർഷകരുടെ രജിസ്ട്രേഷന് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly